# സലഫീ മൻഹജ്
# ഒരു വിലയിരുത്തൽ

**അബ്ദുൽ ഹഖ് സുല്ലമി, ആമയൂർ**

അല്ലാഹുവിന്റെ മതത്തിന്റെ പൂർണ്ണരൂപം മഹാനായ പ്രവാചകൻ മുഹമ്മദ്(ﷺ) യോടു കൂടി പൂർത്തിയായി. പൂർണ്ണമായ ആ മതത്തെ മാനവതയുടെ മതമായി അല്ലാഹു തൃപ്ത്തിപ്പെടുകയും ചെയ്തു. ഈ വസ്തുത അറിയിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു :

﴿ٱلۡيَوۡمَ أَكۡمَلۡتُ لَكُمۡ دِينَكُمۡ وَأَتۡمَمۡتُ عَلَيۡكُمۡ نِعۡمَتِي وَرَضِيتُ لَكُمُ ٱلۡإِسۡلَٰمَ دِينٗاۚ﴾ المائدة: ٣

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ തൃപ്തിപ്പെട്ട് തന്നിരിക്കുന്നു." (മാഇദഃ : 3)

ഇസ്‌ലാമിന്റെ ഈ പൂർത്തീകരണം ഇരുപത്തി മൂന്ന് വർഷം കൊണ്ടാണുണ്ടായത്. കാരണം പൂർവ്വ വേദങ്ങളെ പോലെ ഒരു ഗ്രന്ഥമായിട്ടല്ല മുഹമ്മദ് നബി(ﷺ)ക്ക് ഖുർആൻ അവതരിപ്പിച്ചത്. ഒരു വചനമായിട്ടോ, ഒരു വചനത്തിന്റെ ഭാഗമായിട്ടോ, ഒരു അദ്ധ്യായമായിട്ടോ അതിന്റെ അവതരണം പൂർത്തിയായി. അവതരിക്കുന്ന ഭാഗങ്ങൾ പ്രവാചകൻ(ﷺ) മഹാന്മാരായ സ്വഹാബത്തിന് ഓതിക്കേൾപ്പിക്കുകയും അത് പഠിപ്പിക്കുകയും അതിന്റെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ നിലക്കും അധഃപതിച്ച അറേബ്യൻ ജനതയെ സംസ്കരിച്ചെടുക്കുകയും ചെയ്തു. പ്രവാചകന്റെ ഈ പ്രവർത്തനമാണ് അദ്ദേഹത്തിന്റെ നിയോഗമന ലക്ഷ്യവും. ആ വസ്തുത വിശുദ്ധ ഖുർആൻ ഇപ്രകാരം വ്യക്തമാക്കുന്നു.

﴿هُوَ ٱلَّذِي بَعَثَ فِي ٱلۡأُمِّيِّـۧنَ رَسُولٗا مِّنۡهُمۡ يَتۡلُواْ عَلَيۡهِمۡ ءَايَٰتِهِۦ وَيُزَكِّيهِمۡ وَيُعَلِّمُهُمُ ٱلۡكِتَٰبَ وَٱلۡحِكۡمَةَ وَإِن كَانُواْ مِن قَبۡلُ لَفِي ضَلَٰلٖ مُّبِينٖ﴾

الجمعة: ٢

"അക്ഷരഭ്യാസമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ച് കേൾപ്പിക്കുകയും അവരെ സംസ്കരിച്ചെടുക്കുകയും അവർക്ക് വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു." (ജുമുഅഃ : 2)

മാനവതയെ അവരുടെ വഴികേടിൽ നിന്ന് സംസ്കരിച്ചെടുക്കാനുള്ള ഗ്രന്ഥമാണ് ഖുർആനെന്ന് വ്യക്തമായി. ഈ സംസ്കരണത്തിനാണ് ഹുദാ (സന്മാർഗ്ഗം) എന്ന് പറയുന്നത്. ഈ സന്മാർഗ്ഗം എന്തെന്ന് കണ്ടെത്തേണ്ടത് മനുഷ്യനല്ല. അങ്ങിനെ വന്നാൽ അത് വ്യത്യസ്തവും, വൈവിധ്യവും ആയിത്തീരും. അതിനാൽ ആ ഹുദ അറിയിക്കേണ്ട ബാധ്യത അല്ലാഹു തന്നെ ഏറ്റെടുത്തിരിക്കുന്നു. അവൻ പറഞ്ഞു.

﴿ إِنَّ عَلَيْنَا لَلْهُدَىٰ ﴿١٢﴾ ﴾ الليل: ١٢

"തീർച്ചയായും മാർഗ്ഗദർശനം നമ്മുടെ ബാധ്യതയാകുന്നു." (92:12)

ആ ബാധ്യത അല്ലാഹു നിറവേറ്റി. വിശ്വാസകാര്യങ്ങൾ, അനുഷ്ഠാന കർമ്മങ്ങൾ, സ്വഭാവ മര്യാദകൾ, ആചാരങ്ങൾ, ക്രയവിക്രയ നിയമങ്ങൾ, സാമൂഹ്യബന്ധ നിയമങ്ങൾ എല്ലാം ഹുദയിൽ ഉൾപ്പെടും. അറബി ഭാഷയിൽ അവതരിച്ച ഖുർആനിലെ അവ സംബന്ധമായ അ വ്യക്തതകൾ പ്രവാചകൻ(ﷺ) അവിടുത്തെ ജീവിതത്തിലൂടെ അനുചരന്മാർക്ക് പഠിപ്പിച്ചു കൊടുത്തു. അവിടുത്തെ വാക്കും, പ്രവൃത്തിയും, അംഗീകാരവും ഉൾക്കൊണ്ട ആ ജീവിതത്തിന് സുന്നത്ത് എന്ന് നാം പറയുന്നു.

വിശുദ്ധ ഖുർആനിൽ അല്ലാഹുവിൽ മനുഷ്യൻ എങ്ങിനെ വിശ്വസിക്കണമെന്നും, അവനെ എങ്ങിനെ മനസ്സിലാക്കണമെന്നും വ്യക്തമാക്കുന്ന ശതക്കണക്കിന് വചനങ്ങളുണ്ട്. ഖുർആനിന്റെ ആദ്യ സംബോധിതരായ അറബികൾക്ക് അവരുടെ അറബി ഭാഷാ പാടവവും, ദീനിന്റെ അന്തഃസത്തയും, പ്രവാചകന്റെ മാർഗ്ഗദർശന നേതൃത്വവും ഉള്ളതിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിനെക്കുറിച്ച് മനസ്സിലാക്കാൻ എളുപ്പമായി. അതിനാൽ ഖുർആനിൽ പറഞ്ഞതും, പ്രവാചകന്റെ തിരുവചനങ്ങളിൽ വന്നിട്ടുള്ളതുമായ അല്ലാഹുവി ന്റെ ഗുണങ്ങൾ, വിശേഷണങ്ങൾ എന്നിവ അവർ അവരുടേതായ വിവരങ്ങളോ, വ്യാഖ്യാനങ്ങളോ കൂടാതെ മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്തു. കൂടുതലായി പ്രവാചകനോട് അവർ ചോദിച്ചറിയാൻ ശ്രമിച്ചതുമില്ല. കാരണം അല്ലാഹു പറഞ്ഞത് തന്നെ മതി അവർക്ക് അവനെക്കുറിച്ച് അറിയാനും വിശ്വസിക്കാനും. അല്ലാഹുവിന്റെ സത്ത, അവന്റെ ഗുണം, നാമം, പ്രവർത്തനം എന്നിവ എങ്ങിനെയെന്ന് വിവരിച്ച് കൊടുക്കാൻ പ്ര വാചകനും മാർഗ്ഗമില്ലെന്ന തിരിച്ചറിവ് അവർക്കുണ്ടായിരുന്നു. അഖീദഃക്കും, വിശ്വാ സത്തിനും അതുതന്നെ ധാരാളം മതി. എന്നാൽ കർമ്മാനുഷ്ഠാനങ്ങളുടെ വിധി രൂപങ്ങൾ വ്യക്തികൾ സ്വന്തം ജീവിതത്തിൽ കൊണ്ടുവരേണ്ടതായതിനാൽ അവയെങ്ങിനെയെന്ന് പ്രവാചകൻ കാണിച്ചുകൊടുത്തു. സംശയമുള്ളവ അവർ ചോദിച്ചറിഞ്ഞു. അങ്ങിനെ മു സ്ലിംകളുടെ വിശ്വാസപരമായ കാര്യങ്ങളുടെയും, കർമ്മപരമായ കാര്യങ്ങളുടെയും മാനദണ്ഡം ഖുർആനും, പ്രവാചക സുന്നത്തുമായിത്തീർന്നു. ഈ രണ്ട് മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവാചകന്റെ അനുചരന്മാർ ജീവിച്ചു. അവരോട് ഖുർആൻ പറഞ്ഞു :

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُقَدِّمُوا۟ بَيْنَ يَدَيِ ٱللَّهِ وَرَسُولِهِۦ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿١﴾ ﴾ الحجرات: ١

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മുമ്പിൽ (യാതൊന്നും) മുൻകടന്ന് പ്രവർത്തിക്കരുത്. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു." (ഹുജുറാത്ത് : 1)

ഈ ഖുർആനിക നിർദ്ദേശം അണു അളവ് തെറ്റിക്കാതെ ജീവിച്ച സ്വഹാബികളെ അല്ലാഹു തൃപ്തിപ്പെടുകയും, അവർക്ക് സ്വർഗ്ഗം വാഗ്ദാനം ചെയ്യുകയും ചെയ്തു. അല്ലാഹു പറയുന്നു :

﴿ وَٱلسَّٰبِقُونَ ٱلْأَوَّلُونَ مِنَ ٱلْمُهَٰجِرِينَ وَٱلْأَنصَارِ وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَٰنٍ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ وَأَعَدَّ لَهُمْ جَنَّٰتٍ
تَجْرِى تَحْتَهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۚ ﴾ التوبة: ١٠٠

“മുഹാജിറുകളിൽ നിന്നും, അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവനെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തരായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും.” (തൗബ : 100)

അപ്പോൾ സ്വഹാബത്തിനെ അല്ലാഹു തൃപ്തിപ്പെട്ടു. കാരണം പ്രവാചകൻ പഠിപ്പിച്ച അഖീദഃയിലും, കർമ്മാനുഷ്ഠാന രീതിയിലുമായിരുന്നു അവർ. ഇവരെ പിന്തുടർന്ന് ജീവിക്കുവാൻ ഖുർആൻ ആഹ്വാനം ചെയ്യുകയും ചെയ്തു. നബി (ﷺ) യും പറഞ്ഞു :

..فَإِنَّهُ مَنْ يَعِشْ مِنْكُمْ بَعْدِي فَسَيَرَى اخْتِلَافًا كَثِيرًا، فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الرَّاشِدِينَ الْمَهْدِيِّينَ مِنْ بَعْدِي، تَمَسَّكُوا بِهَا، وَعَضُّوا عَلَيْهَا بِالنَّوَاجِذِ.....

“എനിക്ക് ശേഷം ഒട്ടേറെ ഭിന്നതകൾ നിങ്ങൾക്ക് കാണാം. തദവസരത്തിൽ എന്റെ ചര്യകളെയും, സച്ചരിതരും സന്മാർഗ്ഗചാരികളുമായ എന്റെ പിൻഗാമികളുടെ ചര്യയെയും നിങ്ങൾ പിന്തുടരുകയും, അവയെ നിങ്ങളുടെ അണപ്പല്ലുകൾ കൊണ്ട് കടിച്ച് പിടിക്കുകയും ചെയ്യുക.”

മുസ്‌ലിം ലോകത്ത് തൃപ്തികരമല്ലാത്ത പലതും ഖുലഫാഉർറാശിദുകളുടെ കാലഘട്ടത്തിൽ സംഭവിച്ചു. ഉമർ(ﷺ)വിന്റെ വധം, ഉഥ്മാൻ(ﷺ)വിന്റെ കാലത്തെ കലാപവും, അതിനെ തുടർന്നുണ്ടായ അദ്ദേഹത്തിന്റെ വധവും, അലി(ﷺ)വിന്റെ കാലത്തുണ്ടായ ജമൽ, സിഫ്ഫീൻ യുദ്ധങ്ങൾ എന്നിവ അതിലെ പ്രധാന സംഭവങ്ങളാണ്. ഇത്തരം സംഭവവികാസങ്ങളുടെ പര്യവസാനം ഐക്യത്തിലും യോജിപ്പിലും നിലനിന്നിരുന്ന മുസ്‌ലിംകൾ ഭിന്നകക്ഷികളായി തീർന്നുവെന്നതാണ്. ശീആക്കൾ, ഖവാരിജുകൾ, മുഅ്ത്തസിലുകൾ, ജഹ്മിയ്യാക്കൾ, സൂഫികൾ തുടങ്ങിയവർ അവരിലെ പ്രധാന കക്ഷികളാണ്. ഇവർക്ക് പിൽക്കാലത്ത് അവാന്തര വിഭാഗങ്ങളുണ്ടായി. ഈ കക്ഷികൾ എല്ലാം അവരുടെ ചിന്താഗതികൾ സ്ഥാപിക്കാനും, രാഷ്ട്രീയത്തിലെ നിലപാടുകൾ ന്യായീകരിക്കാനും ഇസ്‌ലാമിന്റെ ശരിയായ അഖീദഃയിൽ നിന്നും, വിശ്വാസ കാര്യങ്ങളിൽ നിന്നും വ്യതിചലിച്ചു പോയി സ്വന്തം ഇച്ഛകൾക്കനുസരിച്ചും, ഗ്രീക്ക് ഫിലോസഫിക്കനുസരിച്ചും അല്ലാഹുവിനെ കണ്ടെത്താനും, അവന്റെ നാമങ്ങളെയും വിശേഷണങ്ങളെയും വ്യാഖ്യാനിക്കാനും തുടങ്ങി. അങ്ങിനെ വികലവും, വക്രവുമായ ഒരു വിശ്വാസ സംഹിതയുടെ വക്താക്കളായി മാറി മുസ്‌ലിം സമൂഹം. ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തുടങ്ങി രണ്ടും, മൂന്നും നൂറ്റാണ്ടുകളിൽ വികസിച്ച് തുടർന്നുള്ള നൂറ്റാണ്ടുകളിൽ പൊട്ടിപ്പിളർന്ന് ഇന്നുവരേക്കും നാശം വിതച്ച ഈ നാശഗർത്തത്തിൽ നിന്ന് മുസ്‌ലിം സമൂഹത്തെ രക്ഷിക്കാനുള്ള ശ്രമങ്ങൾ തുടക്കത്തിൽ തന്നെ ആരംഭിച്ചു കഴിഞ്ഞിരുന്നു. പക്ഷേ ഭരണകർത്താക്കളുടെ പിന്തുണയും, വ്യതിയാനങ്ങൾക്ക് ജനങ്ങളിൽ നിന്ന് ലഭിച്ച പിന്തുണയും കൂടി ചേർന്നപ്പോൾ ഇസ്‌ലാമിന്റെ മുഖം കറുത്തിരുണ്ടു. ഈ കൂരിരുട്ടിനെ നീക്കം ചെയ്യാൻ തുടക്കത്തിൽ തന്നെ ശ്രമം നടന്നിരുന്നു. ആ ശ്രമമാണ് ആദ്യകാല മുസ്‌ലിംകൾ എന്തുകൊണ്ട് നന്നായിത്തീരുകയും അല്ലാഹു അവരെ തൃപ്തിപ്പെടുകയും ചെയ്തുവോ അതിലേക്ക് മടങ്ങണമെന്ന ആഹ്വാനം. ഇമാം മാലിക്കിന്റെ(رَحِمَهُ ٱللَّٰهُ) ഈ പ്രഖ്യാപനം പ്രശസ്തമാണല്ലോ.

لا يصلح آخر هذه الأمة إلا بما صلح به أولها

“ഈ സമുദായത്തിന്റെ ആദ്യ കാലക്കാർ എന്തുകൊണ്ട് നന്നായിത്തീർന്നുവോ അതുകൊണ്ട് മാത്രമേ അവസാനകാലക്കാരും നന്നാവുകയുള്ളൂ.”

അല്ലാഹു തൃപ്തിപ്പെട്ട സച്ചരിതരായ പൂർവ്വികർ എന്ന അർത്ഥത്തിലാണ് സലഫുകൾ എന്ന് നാം പറയുന്നത്. അല്ലാഹുവിന്റെ ഖുർആനും, പ്രവാചകന്റെ ചര്യയും മനസ്സിലാക്കുന്നതിൽ അവർ സ്വീകരിച്ച മാനദണ്ഡത്തിന് അവരുടെ സമീപന രീതി എന്ന അർത്ഥത്തിൽ അറബിയിൽ ‘സലഫി മൻഹജ്’ എന്ന് പറയുന്നു. ഇത് ഒരു പ്രസ്ഥാനമോ ഒരു മദ്ഹബോ അല്ല.

എന്തുകൊണ്ട് നാം സലഫീമൻഹജ് സ്വീകരിക്കണം? ഒറ്റവാക്യത്തിൽ പറഞ്ഞാൽ സൂറ: തൗബയിലെ 100-ാം വചനത്തിൽ പറഞ്ഞു. അല്ലാഹു തൃപ്തിപ്പെട്ട സഹാബികൾ എന്തുകാരണത്താലാണോ ആ അർഹത നേടിയത് ആ മാർഗ്ഗം സ്വീകരിക്കലാണ് നമ്മുടെ വിജയത്തിനും, നമ്മെ അല്ലാഹു തൃപ്തിപ്പെടാനുമുള്ള മാർഗ്ഗം.

മറ്റൊരു കാര്യവും കൂടി മനസ്സിലാക്കേണ്ടതുണ്ട്. നബി(ﷺ)യുടെ ചര്യ എന്തായിരുന്നുവെന്ന് സ്വഹാബത്ത് മുസ്‌ലിം ലോകത്ത് പ്രചരിപ്പിച്ചു. അവരിൽ നിന്ന് താബിഉകളും തബഉത്താബിഉകളും അങ്ങിനെ അവർക്ക് ശേഷമുള്ളവരും പഠിച്ചും, പഠിപ്പിച്ചും കൊണ്ടിരുന്നു. പിന്നീട് അത് ഹദീഥ് ഗ്രന്ഥങ്ങളിൽ ക്രോഡീകൃതമായി. പക്ഷെ മുമ്പ് പറഞ്ഞ കക്ഷികൾ അവരുടെ താൽപര്യത്തിന് വേണ്ടി അതിലും മായം ചേർത്തി. രാഷ്ട്രീയക്കാരും, മദ്ഹബുകളുടെ വക്താക്കളും, കച്ചവടക്കാരും, മതവിരുദ്ധരും തുടങ്ങി പലരും പ്രവാചകന്റെ പേരിൽ കളവ് പറഞ്ഞു. അങ്ങിനെ ഹദീഥുകളിൽ മായം ചേർന്നു. അതിനെ ശുദ്ധീകരിക്കാനുള്ള പരിശ്രമവും മുസ്‌ലിം ലോകത്ത് ഉണ്ടായിട്ടുണ്ട്. ആ ശ്രമങ്ങളാണ് പിൽക്കാലത്ത് ഉസൂലുൽ ഹദീഥിന് തുടക്കം കുറിച്ചത്. സലഫി മൻഹജിനെക്കുറിച്ച് സംസാരിക്കുമ്പോൾ പ്രവാചകന്റെ ഹദീഥുകളോടുള്ള അവരുടെ സമീപനത്തെക്കുറിച്ചും മനസ്സിലാക്കണം. അതായത് പ്രവാചകൻ പറഞ്ഞ ഒരു ഹദീഥ് സ്വഹീഹായി നമുക്ക് ലഭിച്ചാൽ അത് നമ്മുടെ ബുദ്ധിക്ക് യോജിക്കുന്നുണ്ടോയെന്ന് നോക്കേണ്ടതില്ല. ഉദാഹരണമായി പ്രവാചക(ﷺ)ന് സിഹ്റ് ബാധിച്ചുവെന്ന ഹദീഥും, ഈച്ച പാനീയത്തിൽ വീണാൽ അതിനെ മുക്കിയെടുത്ത് പുറത്തിട്ട് ആ വെള്ളം കുടിക്കാമെന്ന ഹദീഥും. കാരണം പ്രവാചകൻ(ﷺ) മത വിഷയത്തിൽ സ്വന്തമായി ഒന്നും പറയുകയില്ലെന്ന ഖുർആന്റെ പ്രസ്താവന

﴿ وَمَا يَنطِقُ عَنِ ٱلْهَوَىٰٓ ۝٣ ﴾ النجم: ٣

‘‘അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല.’’ (അന്നജ്മ് : 3)

എപ്പോഴും നം ഓർത്തിരിക്കണം. സലഫുകളുടെ പാതയാണ് വിജയത്തിന്റെ പാതയെങ്കിൽ അവരുടെ പ്രമാണങ്ങളോടുള്ള സമീപനമാണ് ശരിയായിട്ടുള്ളത്. നമ്മുടെ പൂർവ്വികർ സലഫുകളുടെ സമീപനത്തെ സ്വാഗതം ചെയ്യുകയും അതിനെതിരായ സമീപനത്തെ ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്.

പിൽക്കാലത്ത് രൂപം കൊണ്ട ഇൽമുൽ കലാമിന്റെ (വചന ശാസ്ത്ര) പൊള്ളത്തരങ്ങൾ സച്ചരിതരായ പൂർവ്വ പണ്ഡിതന്മാർ തുറന്നുകാട്ടിയിട്ടുണ്ട്. മുസ്‌ലിം ലോകത്ത് വിശ്വാസ വ്യതിയാനം വരുത്തുന്നതിൽ വചനശാസ്ത്രം നിർവ്വഹിച്ച പങ്ക് ചെറുതല്ല. ഇമാം ശാഫിഈ(رَحِمَهُ ٱللَّهُ), അഹ്മദ്ബ്നു ഹമ്പൽ(رَحِمَهُ ٱللَّهُ) തുടങ്ങിയ മഹാരഥന്മാർ ഇൽമുൽകലാമിനെ നിശിതമായ രീതിയിൽ വിമർശിച്ചിട്ടുണ്ട്. അതിന്റെ വക്താക്കളെ മാർക്കറ്റിലൂടെ നടത്തി ഈന്തപ്പന മട്ടൽ കൊണ്ട് അടിക്കണമെന്ന് ഇമാം ശാഫിഈ(رَحِمَهُ ٱللَّهُ) അഭിപ്രായപ്പെടുന്നു.

എന്നിട്ടും നമ്മുടെ നാട്ടിലെ ശാഫിഈ മദ്ബഹുകാർ ഇൽമുൽകലാമിനെ വാരിപ്പുണരുന്നതിലാണ് അത്ഭുതം. അതുകൊണ്ടാണല്ലോ നമ്മുടെ നാട്ടിലെ 'സുന്നികൾ' നാലു മദ്ഹബ് സ്വീകരിക്കുമ്പോഴും അഖീദഃ അവരുടേത് സ്വീകരിക്കാതെ അശ്അരിയുടെയും മാതുരീദിയുടേയും വികലമായ അഖീദഃ സ്വീകരിക്കുന്നത്.

സലഫുകളുടെ നിലപാടിനെയും അതിന്റെ ശ്രേഷ്ഠതയെയും വിവരിച്ചുകൊണ്ട് മക്‌രീസി(رَحِمَهُ ٱللَّهُ) എഴുതുന്നു: "അല്ലാഹുവിന്റെ ഏകത്വത്തെ മനസ്സിലാക്കുന്നതിനും മുഹമ്മദ് നബി(ﷺ) യുടെ പ്രവാചകത്വത്തെ സ്ഥാപിക്കുന്നതിനും അല്ലാഹുവിന്റെ ഖുർആനല്ലാതെ മറ്റൊന്നും സ്വഹാബികളുടെ കൈവശം ഉണ്ടായിരുന്നില്ല. ദർശന തിയറികളോ വചനശാസ്ത്ര രീതികളോ അവർക്കറിഞ്ഞു കൂടായിരുന്നു. അതുപ്രകാരം സ്വഹാബികളുടെ കാലം കഴിഞ്ഞുപോയി." (അൽഖുത്വത് 2/356)

വിശുദ്ധ ഖുർആനും പ്രവാചക ചര്യയും സ്വീകരിച്ചിരുന്ന പൂർവ്വീകരുടെ നിലപാടിനെക്കുറിച്ച് ശഹ്‌രിസ്താനി(رَحِمَهُ ٱللَّهُ) എഴുതുന്നു: "വചനശാസ്ത്രത്തിൽ മുഅ്തസിലുകൾ മുഴുകുന്നതും സച്ചരിതരായ ഇമാമുകൾ പരിചയിച്ചതിനു വിരുദ്ധമായി നബിചര്യക്ക് എതിരായ മാർഗ്ഗം അവർ അവലംബിക്കുന്നതും സലഫുകൾ കണ്ടപ്പോൾ അസ്ഹാബുൽ ഹദീഥായ (ഹദീഥുകൾക്ക് – ബുദ്ധിക്കല്ല – മുൻഗണന നൽകുന്നവർ) പൂർവ്വീകരുടെ മാർഗ്ഗത്തെ (മൻഹജ്) അവർ മുറുകെ പിടിച്ചു. ഇമാം മാലിക്ക്, അഹ്മദ്ബ്നു ഹമ്പൽ തുടങ്ങിയവർ അവരിൽപ്പെട്ടവരാണ്. സുരക്ഷിതത്വത്തിന്റെ മാർഗ്ഗത്തിൽ അവർ പ്രവേശിച്ചു. അവർ പറഞ്ഞു: ഖുർആനിലും സുന്നത്തിലും വന്നത് ഞങ്ങൾ വിശ്വസിക്കുന്നു. അവയെ വ്യാഖ്യാനിക്കാൻ ഞങ്ങൾ മുതിരുന്നില്ല. ഞങ്ങൾ തീർത്തും മനസ്സിലാക്കുന്നു: അല്ലാഹു അവന്റെ ഒരു സൃഷ്ടിയോടും സദൃശ്യനാവുകയില്ല." (അൽമിലലുവന്നിഹൽ, 1/103, 104)

ശഹ്‌രിസ്താനി(رَحِمَهُ ٱللَّهُ)യുടെ ഈ വിലയിരുത്തലിനെ ശക്തിപ്പെടുത്തുന്ന ഇബ്നു തൈമിയ്യ( رَحِمَهُ ٱللَّهُ)യുടെ അഭിപ്രായം ഇങ്ങിനെയാണ്: "മുഹാജിറുകളെയും, അൻസ്വാറുകളെയും പിന്തുടർന്നവനും, മുഹമ്മദ് നബി(ﷺ) കൊണ്ടുവന്നതിനെ അതിന്റെ യഥാർത്ഥ നിലക്ക് വിശ്വസിച്ചവനുമല്ലാതെ സത്യം മനസ്സിലാക്കിയിട്ടില്ല." (അൽഫുർഖാൻ ബൈനൽ ഹഖി വൽ ബാത്വിൽ : 85)

അദ്ദേഹം വീണ്ടും എഴുതുന്നു: "ദൈവികവും മതപരവുമായ–അതിലെ സംഇയും, അഖ്‌ലിയുമായ–വിജ്ഞാനങ്ങൾ സ്വീകരിക്കപ്പെടേണ്ടതാണ്, പ്രവാചകൻ(ﷺ) മൊത്തമായും, വിശദമായും പറഞ്ഞതിന് സുകൃതവും സുവ്യക്തവുമായ തെളിവായി സ്വീകരിക്കുന്നതിനുള്ള അടിസ്ഥാനം അവിടുന്ന് കൊണ്ടുവന്നത് തന്നെയാകുന്നു." (അൽഫുർഖാൻ ബൈനൽ ഹഖി വൽ ബാത്വിൽ : 92)

ലേഖനത്തിന്റെ തുടക്കത്തിൽ നാം ഉദ്ധരിച്ച സൂറ: മാഇദയിലെ മൂന്നാം വചനത്തിന്റെ വിവരണമായി ഇബ്നു അബ്ബാസ് (رضي الله عنه) പറയുകയുണ്ടായി: "അല്ലാഹു അവന്റെ പ്രവാചകനും, സത്യവിശ്വാസികൾക്കും ഈമാൻ പൂർത്തിയാക്കി കൊടുത്തിരിക്കുന്നുവെന്ന് അവരെ അവൻ അറിയിച്ചിരിക്കുന്നു. അതിനാൽ ഇനി ഒരിക്കലും അതിൽ വർദ്ധനവ് അവർക്ക് ആവശ്യമായി വരുന്നില്ല. അല്ലാഹു അത് പൂർണ്ണമാക്കിയിരിക്കുന്നു; ഒരിക്കലും

അത് കുറക്കേണ്ടി വരുന്നില്ല. അവൻ അതിനെ തൃപ്തിപ്പെട്ടിരിക്കുന്നു; അതിനാൽ അവൻ കോപിക്കുകയില്ല.''

അപ്പോൾ സച്ചരിതരായ പൂർവ്വീകരുടെ മാർഗ്ഗമാണ് ശരി. അതല്ലാത്തത് ശരിയല്ല. ശരി ഒന്നേയുള്ളൂ. സഹാബികൾക്ക് ശേഷം ബുദ്ധിപരമായി അഖീദയെ വിലയിരുത്തി സ്ഥാപിച്ച നൂതന കക്ഷികളുടെ മാർഗ്ഗങ്ങളെല്ലാം തെറ്റും അബദ്ധവും വഴികേടുമാണ്. സലഫുകളുടെ മേന്മയെക്കുറിച്ച് ഇബ്നു തൈമിയ്യഃ(رَحِمَهُ ٱللَّهُ) ഇപ്രകാരം പറഞ്ഞു: ''സലഫുകൾ അവരുടെ ഹൃദയങ്ങളിലുറച്ച വിശ്വാസത്തിന് തെളിവായി ഖുർആനിലെയും സുന്നത്തിലെയും വ്യക്തമായ പ്രസ്താവനകൾക്ക് ബുദ്ധിപരമായ അറിവുകളെ കീഴ്പ്പെടുത്തിയവരാണ്. ദൈവദൂതൻ നേർമാർഗ്ഗവും സത്യമതവും തന്നെയാണ് കൊണ്ടുവന്നിട്ടുള്ളത്. ഖുർആൻ ഏറ്റവും ചൊവ്വായ മാർഗ്ഗത്തിലേക്കാണ് നയിക്കുന്നത്.''

ഖത്വാബി(رَحِمَهُ ٱللَّهُ) എഴുതുന്നു: ''മത കാര്യങ്ങളിൽപ്പെട്ട അതിന്റെ നിയമങ്ങൾ, അടിസ്ഥാനങ്ങൾ, ശരീഅത്ത് കാര്യങ്ങൾ, മറ്റു വിശദ വിവരങ്ങൾ എല്ലാം റസൂൽ(ﷺ) വിവരിച്ചിട്ടുണ്ട്. അത് തികഞ്ഞതും പൂർണ്ണവുമായ രൂപത്തിൽ അവിടുന്ന് ജനങ്ങൾക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്.''

വഴിപിഴച്ച മുതകല്ലിമുകൾ (വചന ശാസ്ത്രക്കാർ) – അശ്അരി, മുഅ്തസിലഃ, മാതുരീദി തുടങ്ങിയവർ – ചെയ്തത് ബുദ്ധിക്ക് അറിയാൻ കഴിയാത്തതായി ഖുർആനിലോ ഹദീഥിലോ എന്തെങ്കിലും വന്നിട്ടുണ്ടെങ്കിൽ അവയെ യുക്തിക്കൊപ്പിച്ച് വ്യാഖ്യാനിക്കുന്ന നൂതന സമ്പ്രദായമാണ്. അത്തരം വ്യാഖ്യാനങ്ങളിൽ നിന്ന് പൂർണ്ണമായി മാറിനിൽക്കുകയെന്നതാണ് സലഫുകളുടെ നിലപാട്.

ഇബ്നു അബ്ദിൽ ബർറ്(رَحِمَهُ ٱللَّهُ) എഴുതുന്നു: ''എന്നാൽ സലഫീ സരണി സ്വീകരിച്ചവർ, ബാഹ്യാർത്ഥ വിരുദ്ധമായി ശറഇയ്യായ തെളിവുകളെ വ്യാഖ്യാനിക്കുന്നതിൽ നിന്ന് അകന്ന് നിൽക്കുന്നവരാണ്. അല്ലാഹുവിന്റെ വിശേഷണങ്ങളെക്കുറിച്ചോ, അല്ലാത്തവയെക്കുറിച്ചോ അല്ലാഹു പറഞ്ഞതിനപ്പുറം (വ്യാഖ്യാനിച്ച്) പറയുന്നവരുമല്ല അവർ. അപ്പോൾ അവരുടെ പറച്ചിലുകളും അറിവുമെല്ലാം അല്ലാഹു പറഞ്ഞതിന്നനുസരിച്ച് മാത്രമായിരിക്കും.'' (ജാമിഉ ബയാനിൽ ഇൽമി വഫദ്ലിഹി)

വ്യക്തമായ ബുദ്ധിയും സ്വഹീഹായ തെളിവുകളും തമ്മിൽ വൈരുദ്ധ്യം വരുന്നില്ലെന്നതാണ് സലഫി വീക്ഷണം. അതിനാൽ അല്ലാഹുവും, അവന്റെ റസൂലും പറഞ്ഞതിന്റെ അപ്പുറത്തേക്ക് പ്രവേശിക്കേണ്ട ആവശ്യമില്ല. ഹദീഥ് സ്വഹീഹായി വന്നാൽ അതിന് പ്രാധാന്യവും, മുൻഗണനയും കൊടുക്കുയെന്നതാണ് സലഫുകളുടെ രീതിയെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. എന്നാൽ സലഫീ മൻഹജിൽ നിന്ന് വ്യതിചലച്ചവർ ഹദീഥിന്റെ സ്വിഹ്ഹത്തിനുപരിയായി അത് ബുദ്ധിക്ക് യോജിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്ന ഒരു സമീപനം സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി എത്രയോ ഹദീഥുകൾ അവർ തള്ളിക്കളഞ്ഞു. അതിലുപരി മതപരമായ പ്രമാണങ്ങളേക്കാൾ ബുദ്ധിക്ക് പ്രാധാന്യം കൊടുക്കുന്ന സമ്പ്രദായം നിലവിൽ വന്നു. ഓരോ കാലത്തും ഓരോ വ്യക്തികൾക്ക് തോന്നിയത് പോലെ എന്തും പറയാനുള്ള വാതായനമാണിവർ തുറന്ന് കൊടുത്തത്. തന്നെയുമല്ല, മുതവാതിറല്ലാത്ത (പത്തിൽ കൂടുതൽ സനദുകളുള്ളവ) ഹദീഥുകൾ അഖീദക്ക് തെളിവായി സ്വീകരിച്ച് കൂടാ എന്ന ദുർന്യായവും അവർ മുന്നോട്ട് വെച്ചു.

സ്വഹാബത്തിന്റെ കാലം മുതൽ വിശ്വസിച്ചും, അംഗീകരിച്ചും പോന്നിട്ടുള്ള ഒട്ടേറെ കാര്യങ്ങളെ തള്ളിപ്പറയലാണ് ഈ വാദം കൊണ്ട് ഉണ്ടായ നേട്ടം. ഈ പ്രവണത നൂറ്റാണ്ടുകൾക്ക് മുമ്പ് തുടങ്ങിയതാണ്; ഇന്നും അത് തുടരുന്നു. ഏതെങ്കിലും മന്ദബുദ്ധികൾക്കോ, കുബുദ്ധികൾക്കോ അംഗീകരിക്കാൻ കഴിയുന്നില്ലെങ്കിലും മനുഷ്യന്റെ സാമാന്യ ബുദ്ധിക്ക് അംഗീകരിക്കാൻ കഴിയുന്നതാണ് ഇസ്‌ലാമിന്റെ അഖീദയും അടിസ്ഥാന മുറകളും. അത് പൂർവ്വീകർ അംഗീകരിച്ചത് പോലെ, വിശ്വസിച്ചത് പോലെ പിൽക്കാലക്കാരും അംഗീകരിക്കണം. അതാണ് സത്യമാർഗ്ഗം; അതാണ് അല്ലാഹു തൃപ്തിപ്പെട്ട വഴി. അതിർ വരമ്പുകൾ മറികടക്കുന്നത് വ്യതിയാനവും, പ്രവാചക(ﷺ)ന്റെയും സഹാബത്തിന്റെയും മാർഗ്ഗത്തിന് വിരുദ്ധവുമാണ്.